**സാഹിത്യം**

സി. ഹംസ

# അധിനിവേശവിരുദ്ധ സമരസാഹിത്യങ്ങൾ

**പോർച്ചുഗീസ്-ബ്രിട്ടീഷ്** അധിനിവേശ കാലഘട്ടങ്ങളിലെ കേരളമുസ്‌ലിംകളുടെ ചരിത്രം സമരങ്ങളുടെയും ചെറുത്തുനിൽപുകളുടെയും ചരിത്രമാണ്. 'അധിനിവേശവിരുദ്ധ സമരസാഹിത്യ'മെന്ന ഒരു സവിശേഷ ശാഖ തന്നെ സാഹിത്യത്തിന് അത് സംഭാവന ചെയ്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ആറ് കൃതികളുടെ ചുരുക്കാവലോകനമാണ് ചുവടെ:

ഇതിൽ അഞ്ചു കൃതികളും അറബിയിലാണ്. ഒന്നു മാത്രം അറബിമലയാളത്തിലും. പ്രസ്തുത കൃതികളുടെ കർത്താക്കളെല്ലാം അതതു കാലത്തെ സമുദായനേതാക്കളും മതാധികാരികളും ഒപ്പം സമരയോദ്ധാക്കളും ആയിരുന്നു. ഉസ്മാനിയാ ഖിലാഫത്തിനു കീഴിൽ അറബി ബന്ധഭാഷയായുള്ള ഒരു അന്തർ ദേശീയ ഘടനയിലായിരുന്നുവല്ലോ മുസ്‌ലിംകൾ.

### *തഹ്‌രീദു അഹ്‌ലിൽ ഈമാൻ അലാ ജിഹാദി അബദതി സ്സ്വുൽബാൻ*

ക്രി.വ. 1467-ൽ കൊച്ചിയിൽ ജനിച്ച് 1521-ൽ പൊന്നാനിയിൽ അന്തരിച്ച ശൈഖ് ഇസ്‌ലാം അബൂയഹ്‌യാ സൈനുദ്ദീനുബ്നു അലി എന്ന സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ രചിച്ച ഒരു കാവ്യ സൃഷ്ടിയാണിത്. 'വിശ്വാസികളേ, കുരിശുപൂജകരോട് പോരാടൂ' എന്ന ആഹ്വാനമാണ് 135 വരികളുള്ള ഈ കൃതിയുടെ ശീർഷകത്തിന്റെ പൊരുൾ. പോർച്ചുഗീസ് ആക്രമണകാരികളെയാണിവിടെ 'കുരിശുപൂജകർ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. അവർ കുരിശുപൂജകരായതുകൊണ്ടല്ല അവർക്കെതിരിൽ മുസ്‌ലിംകളെ യുദ്ധത്തിനു പ്രേരിപ്പിക്കേണ്ടിവന്നത്. അക്രമികളും കൈയേറ്റക്കാരും ആയതുകൊണ്ടാണ്. കുരിശുപൂജ മുസ്‌ലിംകൾക്ക് തെറ്റാണെങ്കിലും ക്രൈസ്തവർക്ക് മതാനുഷ്ഠാനമായതിനാൽ അതിനോട് സഹിഷ്ണുത പുലർത്തുന്നതിനേ മുസ്‌ലിംകൾ പഠിപ്പിക്കപ്പെട്ടിട്ടുള്ളൂ.

സുഗന്ധദ്രവ്യങ്ങളുടെ നാടായ കേരളം പണ്ടേ വിദേശരാജ്യങ്ങളുടെ ആകർഷണ കേന്ദ്രമായിരുന്നു. വാണിജ്യപരമോ മതപരമോ ആയ പ്രവർത്തനങ്ങൾക്ക് ആർക്കും സൗകര്യം ചെയ്തുകൊടുക്കുന്ന പതിവാണ് ഇവിടത്തെ ഭരണാധികാരികൾ സ്വീകരിച്ചുപോന്നത്. ജൂതനായ ജോസഫ് റബ്ബാന്നും ക്രിസ്ത്യനായ സെന്റ് തോമാക്കും മുസ്‌ലിമായ മാലിക് ദീനാറിന്നും ഹൈന്ദവ രാജാക്കന്മാരിൽനിന്ന് ലഭിച്ച സ്വീകരണം ഇതിന്റെ വ്യക്തമായ സാക്ഷ്യമത്രെ.

അറബികളാണ് കേരളവുമായുള്ള സമുദ്രവ്യാപാരത്തിൽ മറ്റേതൊരു രാജ്യക്കാരുടെയും മുൻപന്തിയിലുണ്ടായിരുന്നത്. കടൽവഴി അറേബ്യയുമായി കേരളത്തിനുള്ള അടുപ്പവും, തെക്കു പടിഞ്ഞാറനും വടക്കു കിഴക്കനുമായ കാലവർഷക്കാറ്റുകളുടെ വരവുപോക്കുകളിലുള്ള കൃത്യത സമയബന്ധിതമായ സമുദ്രയാത്രക്ക് അനുകൂലമായതുമാണ് ഇതിനു കാരണമായിപ്പറയുന്നത്. അങ്ങനെ അറബി കച്ചവടക്കാർ ബൈറൂത്തിലും അലക്സാൻഡ്രിയയിലും എത്തിക്കുന്ന കേരളീയ വിഭവങ്ങൾ അവിടങ്ങളുമായി കച്ചവടബന്ധമുള്ള മറ്റു വ്യാപാരികൾ വഴിയാണ് യൂറോപ്യൻ രാജ്യങ്ങളിലെത്തിയിരുന്നത്. ഈ സ്ഥിതി മാറ്റിയെടുക്കുകയും യൂറോപ്പിനും ഇന്ത്യക്കുമിടയിൽ നേർക്കുനേരെ വ്യാപാരബന്ധമുണ്ടാക്കാൻ സഹായകമായ ഒരു സമുദ്രമാർഗം കണ്ടുപിടിക്കുകയുമായിരുന്നുവത്രേ പതിനഞ്ചാം നൂറ്റാണ്ടൊടുവിൽ പോർച്ചുഗീസ് നാവികനായിരുന്ന വാസ്കോഡി ഗാമയുടെയും സംഘത്തിന്റെയും കേരളത്തിലേക്കുള്ള വരവിന്റെ മുഖ്യോദ്ദേശ്യം. *തുഹ്ഫത്തുൽ മുജാഹിദീനിൽ* ചരിത്രകാരനായ ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ ഇത് രേഖപ്പെടുത്തിയിരിക്കുന്നു (*തുഹ്ഫത്തുൽ മുജാഹിദീൻ* മലയാള പരിഭാഷ, പേജ് 62).

എന്നാൽ, നൂറ്റാണ്ടുകളായി കേരളവും വിദേശികളും തമ്മിൽ നിലനിന്നുപോന്ന സൗഹാർദവും വ്യാപാരരംഗത്തെ സമാധാനപരമായ സഹവർത്തനവും വാസ്കോഡി ഗാമയുടെയും സംഘത്തിന്റെയും വരവോടെ ആദ്യമായി തകർക്കപ്പെട്ടു. ഇതര വിഭാഗങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലേക്കുള്ള വരവിൽ പോർച്ചുഗീസുകാർ സാമ്പത്തിക ചൂഷണത്തിന്റെയും വ്യാപാര മേൽക്കോയ്മയുടെയും കൂടെ രാഷ്ട്രീയാധിനിവേശവും ലാക്കാക്കിയിരുന്നു. നൂറ്റാണ്ടുകൾ നീണ്ട കുരിശുയുദ്ധങ്ങൾ സൃഷ്ടിച്ചുവിട്ട മുസ്‌ലിംവിരുദ്ധ ക്രൈസ്തവ മനോഭാവം ഉള്ളിൽ പേറുന്നവരായിരുന്നു കുരിശുയുദ്ധ

ങ്ങളിൽ നേരിട്ടു പങ്കെടുത്ത പശ്ചിമ
യൂറോപ്പിൽനിന്നുള്ള പോർച്ചുഗീസു
കാർ എന്നതിനാൽ മുസ്‌ലിംകളെ
എവിടെയും വെച്ചെതിർത്തു നശിപ്പി
ക്കുകയെന്ന ലക്ഷ്യം കൂടി അവർക്കു
ണ്ടായിരുന്നതായി കരുതണം.
വാസ്കോ ഡി ഗാമ വന്നു മടങ്ങിയ
തിനു ശേഷം കേരളത്തിലേക്ക്
നിയോഗിതനായ രണ്ടാമത്തെ
പോർച്ചുഗീസ് നാവികൻ ജനറൽ
പെഡ്രൊ അൽവാരിസ് കബ്രാളിനു
നൽകപ്പെട്ടിരുന്ന നിർദേശങ്ങളിൽ
'ഒരു പണ്ടകശാലയും വ്യാപാരവും
നടത്താൻ സാമൂതിരി സമ്മതിച്ചാൽ
പിന്നെ അടുത്തതായി മക്കയിലെ
മുസ്‌ലിംകളെ കോഴിക്കോട്ടോ സാമൂ
തിരിയുടെ മറ്റേതെങ്കിലും തുറമുഖ
ങ്ങളിലോ തുടർന്നു താമസിക്കാനോ
കച്ചവടം നടത്താനോ സമ്മതിക്കരു
തെന്ന് സാമൂതിരിയോട് ജനറൽ രഹ
സ്യമായി ആവശ്യപ്പെടണം' എന്ന്
വ്യക്തമാക്കപ്പെട്ടിരുന്നു. താനുമായി
ഒരു കച്ചവടക്കരാറിന് കോഴിക്കോ
ടിന്റെ ഭരണാധികാരി സാമൂതിര സമ്മ
തിക്കാതിരിക്കുന്നതിന്റെ പിന്നിൽ
മുസ്‌ലിം ഉപജാപമാണ് പ്രവർത്തി
ക്കുന്നതെന്ന് വിശ്വസിച്ചുകൊണ്ടും,
മുസ്‌ലിംകളെ തകർക്കാനും കേര
ളവും അറേബ്യയും തമ്മിലുള്ള
വ്യാപാരം മുടക്കാനും വേണ്ട ഒരുക്ക
ങ്ങൾ ചെയ്യാൻ പ്രതിജ്ഞയെടുത്തു
കൊണ്ടുമാണ് ഗാമ തന്റെ ഒന്നാം
യാത്ര അവസാനിപ്പിച്ച് പോർച്ചുഗലി
ലേക്ക് മടങ്ങിയതും തുടർന്ന്
കബ്രാൾ എല്ലാവിധ യുദ്ധസന്നാഹ
ങ്ങളോടും കൂടി ഇങ്ങോട്ടെത്തിയതു
മെന്ന കാര്യവും ഇതിന്റെ കൂട്ടത്തിൽ
ഓർക്കണം.

കബ്രാളും സാമൂതിരിയും
തമ്മിൽ നടന്ന സംഭാഷണം വിജയി
ക്കാതെ തെറ്റിപ്പിരിയുകയാണുണ്ടായ
തെങ്കിലും, പിന്നീട് അയാളുടെ പ്രതി
നിധി കൊറിയയും സാമൂതിരിയുടെ
ഉദ്യോഗസ്ഥരും തമ്മിൽ ദീർഘമായി
നടത്തിയ ചർച്ചയെ തുടർന്ന്
പോർച്ചുഗീസുകാർക്ക് കോഴിക്കോട്ട്
ഒരു ഫാക്ടറി നിർമിക്കാൻ അവ
സരം കിട്ടി. തുടർന്ന് കബ്രാൾ സമു
ദ്രത്തിന്റെ മേൽ ധിക്കാരപരമായി
അവകാശവാദമുന്നയിക്കുകയും
മുസ്‌ലിംകളെ പുറത്താക്കാൻ സാമൂ
തിരിയുടെ ഉദ്യോഗസ്ഥരോട് ആവ
ശ്യപ്പെടുകയും ചെയ്തതോടെയാണ്
സ്ഥിതി കൂടുതൽ വഷളായിത്തുട
ങ്ങിയത്. സമുദ്രത്തിൽ എവിടെയും
തങ്ങൾക്ക് പരമാധികാരമുണ്ടെന്ന്
വാദിക്കാൻ വരെ പോർച്ചുഗീസുകാർ
ധാർഷ്ട്യം കാട്ടി. യേശുക്രിസ്തു
വിന്റെ നിയമത്തിനു പുറത്തുള്ള
മുസ്‌ലിംകൾക്കോ ഹിന്ദുക്കൾക്കോ
സമുദ്രത്തിൽ അവകാശമില്ലെന്ന
അവരുടെ ന്യായവാദം പോർച്ചു
ഗീസ് ചരിത്രകാരനായ ബറോസ്
രേഖപ്പെടുത്തിയിട്ടുണ്ട് (സർവ
വിജ്ഞാനകോശം വാ. 8 പേജ് 248).
ഈ അവകാശവാദം പ്രായോഗികമാ
ക്കുന്നതിന്റെ ഭാഗമായി കടൽതീ
രത്തു കണ്ട മുസ്‌ലിംകൾക്കെതിരിൽ
അവർ കൈയേറ്റം ആരംഭിച്ചു. ഇത
റിഞ്ഞ സാമൂതിരി കൈയേറ്റക്കാരെ
പിടിച്ചു വധിക്കാൻ കൽപന നൽകി.
തുടർന്നുണ്ടായ സംഘട്ടനം പോർച്ചു
ഗീസുകാരെ കോഴിക്കോടു വിട്ട്
കൊച്ചിയിലേക്ക് പോകേണ്ട സ്ഥിതി
യിലേക്ക് നയിച്ചു. കോഴിക്കോടു
മായി വൈരാഗ്യത്തിൽ കഴിഞ്ഞി
രുന്ന കൊച്ചി രാജാവ് പോർച്ചുഗീസു
കാരെ സ്വീകരിക്കുകയും അവർക്ക
വിടെ കോട്ടയുണ്ടാക്കാൻ അനുവാദം
കൊടുക്കുകയുമാണ് ചെയ്തത്.
അങ്ങനെയാണ് കൊച്ചിയിലെ മാനു
വൽ കോട്ട നിർമിതമായത്.

തുടർന്ന്, സകല അന്താരാഷ്ട്ര
ധാരണകളെയും മനുഷ്യത്വപരമായ
മര്യാദകളെയും അതിലംഘിച്ചുകൊ
ണ്ടുള്ള നടപടികളാണ് മുസ്‌ലിംകളു
ടെയും അവരെ പിന്തുണച്ച സാമൂതി
രിയുടെയും നേരെ പോർച്ചുഗീസു
കാർ കൈക്കൊണ്ടത്. ഇവിടുത്തെ
വിവിധ രാജാക്കന്മാരെയും അവരുടെ
സാമന്തന്മാരെയും വശത്താക്കിയും
തമ്മിലടിപ്പിച്ചും അവർ തങ്ങളുടെ
കാര്യം നേടി. അങ്ങനെ കേരള
ത്തിന്റെ തീരങ്ങളും തെരുവുകളും
യുദ്ധങ്ങളുടെയും സംഘട്ടനങ്ങളു
ടെയും കളങ്ങളായി മാറി. സാമൂതിരി
തന്റെ ലക്ഷത്തിലധികം വരുന്ന
നായർപടയെയും കൂട്ടി പോർച്ചു
ഗീസ് കിരാതന്മാരെ എതിരിടുന്നതി
നാവശ്യമായ സൈനികയത്നങ്ങൾ
നടത്തി മുസ്‌ലിംകളെ സഹായിച്ചു.
പോർച്ചുഗീസുകാരുമായുള്ള നിര
ന്തരയുദ്ധം മൂലം സാമൂതിരിയുടെ
ശക്തി ക്ഷയിക്കുകയും തന്മൂലം
മുസ്‌ലിംകൾ നിസ്സഹായരായിത്തീരു
കയും ചെയ്ത വിഷമസന്ധിയി
ലാണ് *തഹ്‌രീദി*ന്റെ രചന എന്നു
വേണം മനസ്സിലാക്കാൻ. കുഞ്ഞാലി
മരയ്ക്കാരും കുടുംബവും അനുയാ
യികളും കൊച്ചിവിട്ട് കോഴിക്കോ
ട്ടേക്കു മാറുന്നതും പോർച്ചുഗീസുകാ
രുമായി യുദ്ധത്തിലേർപ്പെടുന്നതും
ക്രി.വ. 1524-ലാണ്. *തഹ്‌രീദി*ന്റെ രച
യിതാവ് ശൈഖ് സൈനുദ്ദീൻ
അതിനു മുമ്പ് അതായത് 1521-ൽ
അന്തരിച്ചിട്ടുണ്ട്. *തഹ്‌രീദി*ന്റെ വരിക
ളിൽ മുസ്‌ലിം സമുദായത്തിന്റെ ദയ
നീയാവസ്ഥയെക്കുറിച്ചുള്ള പ്രരോദ
നങ്ങളും പോർച്ചുഗീസുകാരെ
സായുധമായി യുദ്ധം ചെയ്തു പരാ
ജിതരാക്കി അവർക്ക് മോചനം
നൽകേണ്ടതിന്റെ മതപരമായ
ബാധ്യതയെ കുറിച്ചുള്ള പ്രബോധ
നങ്ങളും അടങ്ങിയിരിക്കുന്നു. ഈ
വിപ്ലവകാവ്യത്തിന്റെ അനേകായിരം
പ്രതികൾ എഴുതിയുണ്ടാക്കി
നാടിന്റെ നാനാഭാഗങ്ങളിലെ
മുസ്‌ലിം മഹല്ലുകളിലേക്കയച്ചിരുന്നു
വത്രെ. ഒരുപക്ഷേ, കുഞ്ഞാലി മര
ക്കാർ കുടുംബത്തിന്റെയും അനുയാ
യികളുടെയും കോഴിക്കോട്ടേക്കുള്ള
വരവിന് ഇത് പ്രചോദനമായിട്ടുമു
ണ്ടായിരിക്കാം. മൊത്തത്തിൽ സമു
ദായത്തിൽ പ്രസ്തുത കൃതിയുണ്ടാ
ക്കിയ സമരൗത്സുക്യത്തിന് പിന്നീടു
ണ്ടായ പോർച്ചുഗീസ് വിരുദ്ധനീക്ക
ങ്ങളിലെല്ലാം പങ്കും സ്വാധീനവുമു
ണ്ടായ സ്ഥിതിക്ക് കവിയുടെ ജന്മ
സ്ഥലവും കുഞ്ഞാലിമാരുടെ ജന്മനാ
ടായ കൊച്ചിയായതിനാൽ വിശേ
ഷിച്ചും മരക്കാന്മാരുടെ പുറപ്പാടിന്

മറ്റു കാരണങ്ങളോടൊപ്പം ഇതും പ്രചോദനമായിരുന്നിരിക്കാനുള്ള സാധ്യത ഏറെയാണ്. സാമൂതിരിയുടെ കീഴിൽ സംഘടിച്ച് പോർച്ചുഗീസുകാർക്കെതിരിൽ പൊരുതാൻ മുസ്‌ലിംകൾക്ക് നേതൃത്വം കൊടുക്കുകയും അതിനുവേണ്ടി ഓരോ മുസ്‌ലിം മഹല്ലിലും പര്യടനം നടത്തുകയും ചെയ്തിരുന്നു ശൈഖ് സൈനുദ്ദീൻ എന്ന് ചരിത്രത്തിൽ കാണുന്നു. ദിനേനയെന്നോണം താൻ നേരിൽ കണ്ടും അനുഭവിച്ചും കൊണ്ടിരുന്ന കാര്യങ്ങൾ തന്റെ ഹൃദയത്തെ തപിപ്പിച്ചപ്പോൾ അഗ്നിജ്വാലകളായി ഉയർന്നതാണ് *തഹ്‌രീദി*ലെ വരികളോരോന്നും. കേരളത്തിന്റെ മണ്ണിൽ രൂപംകൊണ്ട ഒന്നാമത്തെ അധിനിവേശവിരുദ്ധ സമരകൃതി *തഹ്‌രീദ്* ആണെന്നു പറയാം. ഇതിന്റെ ആദ്യഭാഗത്ത് പോർച്ചുഗീസുകാരുടെ അക്രമങ്ങൾ ഹൃദയഭേദകമായി വിവരിച്ചിരിക്കുന്നു.

*തഹ്‌രീദ്* അന്ത്യപ്രാസ വൃത്തനിബദ്ധവും ചൊല്ലാൻ രസകരവുമാണ്. എല്ലാ വരികളും *തീ* എന്ന അക്ഷരത്തിലവസാനിക്കുന്നു. എന്നിരുന്നാലും, അറബിസാഹിത്യത്തിലെ പൂർവികരോ ആധുനികരോ ആയ മഹാകവികളുടെ കവിതകളുമായി ഇക്കവിതയെ താരതമ്യപ്പെടുത്തുന്നത് നിരർഥകമാണ്. കാരണം, ഒരു കവി എന്ന മേൽവിലാസത്തിലല്ല ശൈഖ് സൈനുദ്ദീൻ പ്രസിദ്ധനായിട്ടുള്ളത്. *തഹ്‌രീദ്* കൂടാതെ ഹിദായത്തുൽ അദ്കിയാ, അൽ ഉർജൂസ എന്നീ രണ്ട് കാവ്യകൃതികൾ കൂടി ശൈഖിന്റേതായി ഉണ്ടെങ്കിലും അദ്ദേഹം അറിയപ്പെട്ടിരുന്നത് ഹദീസ് പണ്ഡിതൻ, കർമശാസ്ത്രകാരൻ, ചരിത്രമെഴുത്തുകാരൻ, വ്യാകരണ പണ്ഡിതൻ, സമുദായ നേതാവ്, പരിഷ്കർത്താവ്, അധ്യാപകൻ എന്നീ നിലകളിലാണ്.

*തഹ്‌രീദി*ന്റെ കൈയെഴുത്തു പ്രതി ചില പഴയ ശേഖരങ്ങളിൽ കാണാമെങ്കിലും അതിന്റെ മുദ്രണം ആദ്യമായി നടന്നത് 1996-ലാണ്. കോഴിക്കോട് അൽഹുദാ ബുക്സ്റ്റാളാണ് ഈ ലേഖകന്റെ വക കുറിപ്പുകളോടു കൂടിയ മുദ്രിതപ്രതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്.

## *തുഹ്ഫത്തുൽ മുജാഹിദീൻ ഫീ ബഅ്ദി അഖ്ബാറിൽ ബുർത്തുഗാലിയ്യീൻ*

*തഹ്‌രീദി*ന്റെ കർത്താവ് ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ പൗത്രനായ ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ രചിച്ച ഈ കൃതിയുടെ ചരിത്രപശ്ചാത്തലവും *തഹ്‌രീദി*ന്റേതു തന്നെ. പേരുതന്നെ സൂചിപ്പിക്കുന്നതുപോലെ ഇതും അടിസ്ഥാനപരമായി ഒരു സമരകൃതിയാണ്. അതോടൊപ്പം, കേരള ചരിത്രസാഹിത്യരംഗത്തുള്ള പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വഴികാട്ടിയായി നിലകൊള്ളുന്ന പ്രഥമ ഗ്രന്ഥവും. 'പോരാളികൾക്ക് പോർത്തുഗീസുകാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു പാരിതോഷികം' എന്നു മലയാളീകരിക്കാവുന്ന ഈ ശീർഷകത്തിന് നാലു ഭാഗവും, നാലാം ഭാഗത്തിൽ പതിനാല് അധ്യായവുമാണുള്ളത്. പറങ്കികൾക്കെതിരിൽ മുസ്‌ലിംകളെ സമരസന്നദ്ധരാക്കുകയാണ് *തുഹ്ഫത്തുൽ മുജാഹിദീൻ* രചിച്ചതിന്റെ ഉദ്ദേശ്യമെന്ന് ഗ്രന്ഥകർത്താവ് തന്നെ മുഖവുരയിൽ വ്യക്തമാക്കിയിരിക്കുന്നു. ജിഹാദിന്റെ തത്ത്വശാസ്ത്രം വിവരിക്കുകയും ഖുർആൻ സൂക്തങ്ങളും നബിവചനങ്ങളുമുദ്ധരിച്ച് മുസ്‌ലിംകളെ അതിൽ ഭാഗഭാക്കാകുവാൻ തയാറാക്കുകയും ചെയ്യുന്നതാണ് ഒന്നാം ഭാഗം. താൻ ജീവിക്കുന്ന കാലഘട്ടത്തിലെ യാഥാർഥ്യങ്ങളോട് നിർഭയം പ്രതികരിക്കേണ്ട ഒരു പണ്ഡിതന്റെ ഉത്തരവാദിത്വം അദ്ദേഹം സമർഥമായി നിർവഹിക്കുകയാണ് ഇതിലൂടെ ചെയ്തത്. പോർച്ചുഗീസ് ശക്തിയെ ചെറുക്കാൻ തന്റെ ജനതക്ക് അദ്ദേഹം പ്രത്യയശാസ്ത്രം നൽകി.

കേരളത്തിൽ ഇസ്‌ലാം മതം എത്തിയതിന്റെയും പ്രചരിച്ചതിന്റെയും ആദ്യകാല ചരിത്രവും ഇവിടത്തെ ഹൈന്ദവർ വെച്ചുപുലർത്തിയിരുന്ന ആചാരവിശ്വാസങ്ങളും ജീവിതരീതിയും സംബന്ധിച്ച വിവരവും അറിയാൻ *തുഹ്ഫത്തുൽ മുജാഹിദീനാ*ണ് ആശ്രയം. ഇത്തരം വിഷയങ്ങളാണ് ഗ്രന്ഥത്തിന്റെ രണ്ടും മൂന്നും ഭാഗങ്ങളിലെ പ്രതിപാദ്യം. നാലാം ഭാഗമാണ് ഏറ്റവും പ്രാമുഖ്യമർഹിക്കുന്നത്. പോർച്ചുഗീസ് അധിനിവേശത്തെ സാമൂതിരിയും കുഞ്ഞാലി മരക്കാർമാരും ചേർന്ന് ചെറുത്ത ഇതിഹാസസമാനമായ ചരിത്രമാണ് പതിനാലധ്യായമുള്ള ഈ ഭാഗത്തിൽ.

ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ മൂന്നാമത്തെ പുത്രനും പ്രമുഖ പണ്ഡിതനുമായിരുന്ന ശൈഖ് മുഹമ്മദുൽ ഗസ്സാലിയുടെ സീമന്തപുത്രനായി ക്രി.വ. 1532-ൽ ചോമ്പാലിലാണ് സൈനുദ്ദീൻ രണ്ടാമൻ ജനിച്ചത്. അന്നത്തെ കേരളത്തിലെ മതവിജ്ഞാനകേന്ദ്രമായിരുന്ന പൊന്നാനിയിലും പിന്നീട് മക്കയിലും വെച്ച് പ്രമുഖ പണ്ഡിതന്മാരുടെ ശിക്ഷണത്തിൽ വിവിധ വിജ്ഞാനങ്ങളിൽ നൈപുണ്യം നേടിയ അദ്ദേഹം കേരളീയ മുസ്‌ലിംകളുടെ എല്ലാ മേഖലകളിലുമുള്ള ഗുരുവും മാർഗദർശിയും നേതാവുമായിരുന്നു. വിവിധ വിഷയങ്ങളിൽ അദ്ദേഹം രചിച്ച അനേകം ഗ്രന്ഥങ്ങൾ കേരളത്തിൽനിന്ന് മാത്രമല്ല, ഈജിപ്ത്, സിങ്കപ്പൂർ, ജാവ, മലേഷ്യ തുടങ്ങിയ വിദേശരാജ്യങ്ങളിൽനിന്നും പല തവണ മുദ്രിതമായിട്ടുണ്ട്. *തുഹ്ഫത്തുൽ മുജാഹിദീനാ*ണ് അദ്ദേഹത്തിന്റെ കൃതികളിൽ കൂടുതൽ പ്രചാരം നേടിയിട്ടുള്ളത്. അറബി ഭാഷയിൽ ഇത് ഒന്നാമതായി അച്ചടിച്ചത് പോർച്ചുഗലിലെ ലിസ്ബണിൽനിന്നായിരുന്നു. അനന്തരം പോർച്ചുഗീസ്, ലാറ്റിൻ, ഫ്രഞ്ച്, ജർമൻ, സ്പാനിഷ്, ഇംഗ്ലീഷ്, പേർഷ്യൻ, ചെക്ക് തുടങ്ങിയ വിദേശ ഭാഷകളിലും ഉർദു, ഗുജറാത്തി,

കന്നട, തമിഴ്, മലയാളം തുടങ്ങിയ ഇന്ത്യൻ ഭാഷകളിലും ഇതിന് തർജ മകളിറങ്ങി. ഇംഗ്ലീഷിലും മലയാള ത്തിലും ഒന്നിലേറെ തർജമകളുണ്ട്. മദ്രാസ് സെന്റ് ജോർജ് കോട്ടയിലെ പേർഷ്യൻ പരിഭാഷകനായിരുന്ന മേജർ റൗലണ്ട്സന്റെ പൂർണരൂപ ത്തിലുള്ള തർജമ 1898-ൽ ഇംഗ്ല ണ്ടിൽനിന്ന് പ്രസിദ്ധപ്പെടുത്തി. അമേർസൺ, ജെയിംസ് ബ്രിഗ്സ്, റോക്സ്, പ്രഫ. മുഹമ്മദ് ഹുസൈൻ നൈനാർ എന്നിവരുടേതാണ് മറ്റു ഇംഗ്ലീഷ് തർജമകൾ. മലയാളത്തിൽ ആദ്യത്തേത് കെ. മൂസാൻ കുട്ടി മൗലവിയുടെ (ആദ്യം അറബിമലയാ ളത്തിലും പിന്നീട് മലയാളത്തിലുമി റങ്ങിയ) ഭാഗിക പരിഭാഷയാണ്. ജിഹാദിനെ കുറിച്ചുള്ള *അഹ്കാമുൽ ജിഹാദ്* എന്ന ഭാഗം, ബ്രിട്ടീഷ് കാല ഘട്ടമായതിനാൽ, അതിലുൾപ്പെടു ത്തിയിരുന്നില്ല. ശൈഖ് അബ്ദുൽ ഖാദിർ ഫള്ഫരിയുടെ *ജവാഹിറുൽ അശ്ആർ* എന്ന സമാഹാരത്തി ലുൾപ്പെടുത്തിയ *തുഹ്ഫത്തുൽ മുജാഹിദീ*ന്റെ അറബി പതിപ്പിലും ജിഹാദിന്റെ ഭാഗം കാണുന്നില്ല. പയ്യോളി പരീക്കുട്ടി മുസ്‌ലിയാർ മൂല ഗ്രന്ഥത്തിൽ നോക്കിപ്പകർത്തിയ കൈയെഴുത്തു പ്രതിയാണ് സമ്പൂർണ രൂപത്തിൽ ഈ ലേഖ കന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ളത്. പ്രസ്തുത പതിപ്പിന്റെ എഡിറ്റ് ചെയ്തു പരിഷ്കരിച്ച രൂപം വിസ്തൃ തമായ കുറിപ്പുകൾ സഹിതം 1996 -ൽ കോഴിക്കോട് അൽഹുദാ ബുക്സ്റ്റാളിൽ നിന്നിറങ്ങിയതോടെ അറബിവായനക്കാർക്ക് ഈ കൃതി യുടെ മൂലം കിട്ടി. എന്നാൽ, ശൈഖ് സൈനുദ്ദീൻ ബീജാപ്പൂർ സുൽത്താൻ അലി ആദിൽഷാക്ക് സമർപ്പിച്ച *തുഹ്ഫത്തുൽ മുജാഹി ദീൻ* നാനൂറോളം പുറങ്ങളുള്ള ഒരു അറബി ചരിത്രഗ്രന്ഥമാണ്. അതിന്റെ സംഗ്രഹം മാത്രമാണ് പ്രചാരത്തിലു ള്ളത് എന്ന് ഡോ. ഹമീദുല്ലാ പറയു ന്നുണ്ട് (കെ.കെ മുഹമ്മദ് അബ്ദുൽ കരീം, സി.എൻ അഹ്മദ് മൗലവി, മഹത്തായ മാപ്പിള സാഹിത്യ പാര മ്പര്യം, പേജ് 146). എങ്കിൽ ഇതിന്റെ സമ്പൂർണ മൂലം ഇനിയും കണ്ടെ ത്തേണ്ടതായിട്ടാണിരിക്കുന്നത്.

മലയാളത്തിലുള്ള രണ്ടാമത്തെ പരിഭാഷ ശ്രീ. വേലായുധൻ പണി ക്കശ്ശേരി 'കേരളം പതിനഞ്ചും പതി നാറും നൂറ്റാണ്ടുകളിൽ' എന്ന തല ക്കെട്ടിൽ തയാർ ചെയ്ത് ശ്രീ. ഇളം കുളം കുഞ്ഞൻപിള്ളയുടെ അവതാ രിക സഹിതം നാഷ്നൽ ബുക്സ്റ്റാൾ പ്രസിദ്ധപ്പെടുത്തിയതാ ണ്. ഈ സമ്പൂർണ പരിഭാഷക്ക് ഒന്നിലേറെ പതിപ്പുകൾ ഇറങ്ങിയിട്ടു മുണ്ട്. അറബിഭാഷയും ഇസ്‌ലാമിക സംസ്കാരവും സ്വന്തമായുൾക്കൊ ള്ളാത്ത ഒരെഴുത്തുകാരന്റെ പരിശ്ര മമായതിനാൽ സ്വാഭാവികമായ ചില പിശകുകൾ പണിക്കശ്ശേരിയുടെ പരി ഭാഷയിൽ സംഭവിച്ചിട്ടുണ്ട്. കേരള ചരിത്രത്തിൽ സാമാന്യഗ്രാഹ്യത പോലുമില്ലാത്ത ഒരാൾക്കു മാത്രം സംഭവിക്കാവുന്ന തെറ്റുകൾ മൂസാൻകുട്ടി മൗലവിയുടെ പരിഭാഷ യിൽ സംഭവിച്ചിട്ടുള്ളതുപോലെ തന്നെ. സാമൂതിരിയുടെ പ്രധാനമ ന്ത്രിയായിരുന്ന ഇളയതിനെ പരിച യമില്ലാതിരുന്നതുകൊണ്ടായിരിക്കുമ ല്ലോ, അറബിയിൽ *ബി ഇലയത്* എന്നു ചേർത്തെഴുതിയത് തന്റെ പരി ഭാഷയിൽ അദ്ദേഹം *ബാലീത്ത* എന്നു നീട്ടി എഴുതിവെച്ചത്. ഇതു കൊണ്ടൊക്കെതന്നെ, തെറ്റില്ലാ ത്തതും മൂലത്തിന്റെ ഏറക്കുറെ അനുപദമായിട്ടുള്ളതും അറബി യിൽനിന്ന് നേരിട്ടുള്ളതുമായ ഒരു പരിഭാഷക്ക് വകയുള്ളതായി കണ്ട പ്പോൾ ഈ ലേഖകൻ തയാറാക്കി യതും കോഴിക്കോട് അൽഹുദാ പ്ര സിദ്ധപ്പെടുത്തിയതുമായ മൂന്നാമ തൊരെണ്ണം കൂടിയുണ്ടായി.

പോർച്ചുഗീസ് തേർവാഴ്ച എൺപതിൽപരം വർഷം പിന്നിട്ടതി നുശേഷമാണ് *തുഹ്ഫത്തി*ന്റെ രച നാകാലമെന്ന് ഗ്രന്ഥകർത്താവിന്റെ മുഖവുരയിൽനിന്ന് വ്യക്തമാകു ന്നുണ്ട്. ഇതിനർഥം, സാമൂതിരിയും മുസ്‌ലിംകളും ചേർന്ന് നീണ്ട ഒരു വർഷത്തെ യുദ്ധത്തിലൂടെ പോർച്ചു ഗീസുകാരിൽനിന്ന് ചാലിയം കോട്ട പിടിച്ചടക്കിയതിനുശേഷമാണി തെന്നാണ്. അന്നത്തെ മുസ്‌ലിംകളു ടെയും സാമൂതിരിയുടെയും അവസ്ഥ *തുഹ്ഫത്തി*ന്റെ പതി നാലാം അധ്യായമായ 'ചാലിയം കോട്ട നഷ്ടപ്പെട്ടതിനുശേഷമുള്ള പോർച്ചുഗീസുകാരുടെ സ്ഥിതി' എന്ന തലക്കെട്ടിൽ വിവരിക്കുന്നുണ്ട്. നീണ്ട യുദ്ധം കൊണ്ട് തകർന്ന സാമൂതിരിക്ക് മുസ്‌ലിംകളെ സഹാ യിക്കാൻ കഴിയാത്ത അവസ്ഥ വന്നി രിക്കണം. അങ്ങനെ ആദ്യം കോഴി ക്കോട്ടും പിന്നെ പൊന്നാനിയിലും കോട്ട കെട്ടിപ്പൊക്കാൻ പോർച്ചു ഗീസുകാർക്ക് സമ്മതം കൊടുത്ത് അവരുമായി സന്ധിയിലെത്തുക യാണ് അന്നത്തെ സാമൂതിരി. സാമൂ തിരിയുമായി സന്ധിയിലായിരുന്നു വെങ്കിലും മുസ്‌ലിംകളെ ദ്രോഹിക്കു ന്നത് പോർച്ചുഗീസുകാർ നിർത്തിയി ല്ല. പോർച്ചുഗീസ് വഞ്ചനകളെയും തന്ത്രങ്ങളെയും കുറിച്ച പൂർണ ബോധ്യമുള്ളതിനാൽ അന്നത്തെ കുഞ്ഞാലി അത്തരം സന്ധികൾ മാനിച്ചിരുന്നില്ല. സാമൂതിരിക്കുത ന്നെയും വീണ്ടും സന്ധി ലംഘിക്കേ ണ്ടിയും വന്നു. ചുരുക്കത്തിൽ, സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ *തഹ്‌രീദ്* രചിച്ച് മുസ്‌ലിംകളെ യുദ്ധോത്സുകരാക്കുകയും ഇന്ത്യയി ലെയും പുറത്തെയും മുസ്‌ലിം രാജാ ക്കന്മാരെയും പ്രഭുക്കന്മാരെയും തങ്ങളുടെ ദയനീയാവസ്ഥ അറി യിച്ച് സഹായാഭ്യർഥന നടത്തു കയും ചെയ്ത അതേ ഘട്ടത്തോട് തികഞ്ഞ സാമ്യം പുലർത്തുന്നതാ യിരുന്നു ദശകങ്ങൾക്കുശേഷം സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ *തുഹ്ഫത്തുൽ മുജാഹിദീൻ* രചിച്ച പ്പോഴത്തെയും കേരളത്തിലെ മുസ്‌ലിം അവസ്ഥ. പോർച്ചുഗീസ് അതിക്രമങ്ങളെക്കുറിച്ച് *തഹ്‌രീദി*ൽ കാണുന്ന അതേ വർണനകൾ *തുഹ്ഫത്തുൽ മുജാഹിദീനി*ൽ നാലാം ഭാഗം ഒന്നാം അധ്യായ

ത്തിലും കാണുന്നു. അപ്രകാരം *തുഹ്ഫത്തുൽ മുജാഹിദീനിൽ* ജിഹാദിനെ സംബന്ധിച്ചു പറയുന്ന കാര്യങ്ങളിൽ പലതും *തഹ്രീദിൽ* പദ്യരൂപത്തിലുള്ളതിന്റെ ഗദ്യമാണ്.

*തുഹ്ഫത്തുൽ മുജാഹിദീൻ* ഒരു സമരകൃതിയായതുപോലെ തന്നെ ചരിത്രകൃതിയുമാണ്. കേരളത്തിൽ ഇസ്ലാം പ്രവേശിച്ചതും പ്രചരിച്ചതും, അന്നത്തെ ഇവിടുത്തെ സാമൂഹികാവസ്ഥയും അറിയുന്നതിനുള്ള ആദ്യ ആധാരം ഇതത്രെ.

## അൽ ഫത്ഹുൽ മുബീൻ

യുദ്ധങ്ങളും വിപ്ലവങ്ങളും സാമൂഹിക അസമതകളും കവിതക്കു വളരാനുള്ള നിലമാകുന്നതിനെപ്പറ്റി ചിലിയിലെ പ്രസിദ്ധ കവി പാബ്ലോ നെരൂദ സൂചിപ്പിച്ചിട്ടുണ്ട്. പോർച്ചുഗീസ് കാലഘട്ടത്തിൽ കോഴിക്കോട്ട് ജീവിച്ചിരുന്ന ഖാദി മുഹമ്മദുബ്നു അബ്ദിൽ അസീസിന്റെ ഗദ്യ-പദ്യകൃതികളുടെ ബഹുലത കാണുമ്പോൾ കവിതയുടെയെന്നല്ല, മുഴുവൻ സാഹിത്യശാഖകളുടെയും വളർച്ചക്കും അത് നിലമാകുമെന്നാണ് തോന്നുക. അഞ്ഞൂറോളം ഗദ്യപദ്യകൃതികൾ അന്നത്തെ യുദ്ധ സാഹിത്യങ്ങൾക്കിടയിൽ അദ്ദേഹം രചിച്ചുവത്രെ. ഖാദി മുഹമ്മദ് അറബിമലയാളത്തിൽ എഴുതിയ *മുഹ്യിദ്ദീൻ മാല* എന്ന ഭക്തികാവ്യം ഒരു കാലത്ത് ഇവിടുത്തെ ആബാലവൃദ്ധം മുസ്ലിംകളുടെയും ജീവിത വേളകളിലെ വേദനാസംഹാരിയായിരുന്നിട്ടുണ്ട്. എന്നാൽ ഖാദിയുടെ കൃതികളിൽ ഏറ്റവും അമൂല്യമെന്ന് വിശേഷിപ്പിക്കാവുന്നതും ചരിത്രപ്രാധാന്യമുള്ളതുമായ ഒന്നത്രെ *ഫത്ഹുൽ മുബീൻ*. അർഥം, 'വ്യക്തമായ വിജയം.' ക്രി.വ. 1571-ൽ സാമൂതിരിയുടെ നേതൃത്വത്തിൽ നായർപടയും മുസ്ലിംകളും ചേർന്ന് ചാലിയത്തെ പോർച്ചുഗീസ് കോട്ട അസാമാന്യമായ സമരവീര്യവും ധീരോദാത്തതയും പ്രദർശിപ്പിച്ച് പൊരുതി ജയിച്ചടക്കിയ സംഭവത്തെ അടിസ്ഥാനമാക്കി രചിച്ച ഈ ചരിത്ര കാവ്യം 537 വരികളുൾക്കൊള്ളുന്നു.

ചാലിയം കോട്ട ജയിച്ചടക്കിയ സംഭവം *തുഹ്ഫത്തുൽ മുജാഹിദീനിൽ* നാലാം ഭാഗം പതിമൂന്നാം അധ്യായത്തിലുമുണ്ട്. ചാലിയത്തിന് സൈനിക-വ്യാപാരമണ്ഡലങ്ങളിലുള്ള പ്രാധാന്യം കണ്ടെത്തിയ പോർച്ചുഗീസ് നേതാവ് ഡയാഗോ ദസീൽവീരയാണ് താനൂർ രാജാവ് മുഖേന സാമൂതിരിയെ സമ്മതിപ്പിച്ച് അവിടെ പോർച്ചുഗീസ് കോട്ട കെട്ടാൻ മുൻകൈയെടുത്തത്. കോഴിക്കോടും അറേബ്യയും തമ്മിലുള്ള വ്യാപാരത്തിന്റെ ഗതിവിഗതികൾ അറിയാനും ആക്രമണം നടത്താനും ഏറ്റവും അനുയോജ്യമായിരുന്നു ചാലിയം. അതിനാൽ ചാലിയം കോട്ടയുടെ പതനം പോർച്ചുഗീസുകാരെ സംബന്ധിച്ചേടത്തോളം ഒരു വലിയ പ്രഹരവും സാമൂതിരിക്കും മുസ്ലിംകൾക്കും വലിയ ആശ്വാസവുമായിരുന്നു. ഇതുകൊണ്ടൊക്കെയാണ് കവി ഇതിനെ വ്യക്തമായ വിജയമെന്നു വിശേഷിപ്പിക്കുന്നത്.

മറ്റൊരു പശ്ചാത്തലം കൂടിയുണ്ട്. പോർച്ചുഗീസുകാർ കുരിശുയുദ്ധത്തിന്റെ പൂർവവൈരാഗ്യം വെച്ചുകൊണ്ടും മുസ്ലിംലോകത്തുള്ള വ്യാപാരം തകർക്കാൻ വേണ്ടിയുമായിരുന്നു യുദ്ധം ചെയ്തിരുന്നത് എന്നതിനാൽ, അവർക്കെതിരിൽ ഒരു ആഗോള മുസ്ലിം കൂട്ടുകെട്ട് സാധ്യമാകുമെന്ന പ്രതീക്ഷ സാമൂതിരിയുടെ പ്രജകളായ മുസ്ലിംകൾക്കും സാമൂതിരിക്കുതന്നെയും ഉണ്ടായിരുന്നു. അതിനുവേണ്ടി ഇന്ത്യയിലെയും പുറത്തെയും മുസ്ലിം രാജാക്കന്മാരും സുൽത്താന്മാരുമായി കത്തിടപാട് നടത്തുകയുണ്ടായി. *തുഹ്ഫത്തുൽ മുജാഹിദീന്റെ* കർത്താവ് ശൈഖ് സൈനുദ്ദീൻ മഖ്ദൂമാണ് അറബിയിൽ കത്തുകൾ തയാറാക്കിക്കൊടുത്തിരുന്നത്. പക്ഷേ, അതിന് കാര്യമായ ഫലമുണ്ടായില്ല എന്ന് അദ്ദേഹംതന്നെ *തുഹ്ഫത്തിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. "സൈനികവും സാമ്പത്തികവുമായ ശക്തിയോടും പ്രതാപത്തോടും കൂടി ലോകത്തിന്റെ പല ഭാഗങ്ങളിൽ വാണരുളുന്ന മുസ്ലിം സുൽത്താന്മാരോ പ്രഭുക്കന്മാരോ മലബാർ മുസ്ലിംകളെ ബാധിച്ച ആപത്തിൽനിന്നവരെ രക്ഷപ്പെടുത്താൻ മുന്നോട്ടുവന്നതുമില്ല. മതകാര്യങ്ങളിൽ താൽപര്യം കുറഞ്ഞവരും പരലോകത്തേക്കാൾ ഇഹലോകത്തെ സ്നേഹിക്കുന്നവരുമായ ആ സുൽത്താന്മാർക്കും പ്രഭുക്കന്മാർക്കും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുവാനോ ധനം ചെലവഴിക്കാനോ കഴിയാത്തതാണ് കാരണം" (*തുഹ്ഫത്തുൽ മുജാഹിദീൻ മലയാള പരിഭാഷ*, പേജ് 35).

ഇന്ത്യക്കുള്ളിലെ മുസ്ലിം സുൽത്താന്മാരുടെ നിലപാടും ആശാവഹമായിരുന്നില്ലെന്നതാണ് ചരിത്രം. ചാലിയം കോട്ട ജയിച്ചടക്കുന്നതിന്റെ തൊട്ടുമുമ്പായി, മലബാർ മുസ്ലിംകളെയും സാമൂതിരിയെയും സഹായിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അറക്കൽ അലി ആദിരാജ ബീജാപ്പൂർ സുൽത്താൻ അലി ആദിൽഷാക്ക് കത്തയച്ചിരുന്നു. തുടർന്ന് ആദിൽഷാ ഗോവയിലും അഹ്മദ് നഗറിലെ നിസാം ഷാ ചൗളിലും പോർച്ചുഗീസുകാർക്കെതിരിൽ ആക്രമണമാരംഭിച്ചുവെങ്കിലും രണ്ടുപേരും അധികം താമസിയാതെ പോർച്ചുഗീസുകാരുമായി വ്യത്യസ്ത കാരണങ്ങളാൽ സന്ധിയിലേർപ്പെടുന്നതാണ് കണ്ടത്. അങ്ങനെ സാമൂതിരിയും മലബാറിലെ മുസ്ലിംകളും മറ്റാരും സഹായിക്കാനില്ലാഞ്ഞിട്ടും ഒറ്റക്ക് പോർച്ചുഗീസുകാരെ തോൽപിച്ച് അവരുടെ കോട്ട കൈക്കലാക്കിയെന്നത് വിസ്മയാവഹമായ ഒരു സംഗതിയായിരുന്നു. അതു കൂടിയാണ് ഇതിനെ വ്യക്തമായ വിജയം എന്നു വിശേഷിപ്പിക്കുന്നതിന്റെ ഒരു കാരണം. ഇക്കാരണം കൊണ്ടുതന്നെയാണ് ഈ കൃതിയിൽ കവി സാമൂതിരിയെ അളവറ്റ് സ്തുതിക്കുന്നതും അദ്ദേഹത്തിന്റെ അപദാനങ്ങൾ എണ്ണിപ്പറയുന്നതും.

മലബാറിലെ ജന്മികൾ കുടിയാന്മാരോട് കാണിച്ചിരുന്ന ക്രൂരതകൾക്കെതിരിൽ കുടിയാൻപക്ഷത്തോട് അനുഭാവം പ്രദർശിപ്പിക്കുന്നതിനോടൊപ്പംതന്നെ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കുമിടയിൽ ഐക്യത്തിന്റെയും സൗഹാർദത്തിന്റെയും പ്രതീകമായി നിലകൊണ്ട മഹാനാണ് ഇതിന്റെ കർത്താവ്. ഹിന്ദുക്കളെയും മുസ്‌ലിംകളെയും തമ്മിലടിപ്പിക്കുന്ന ബ്രിട്ടീഷ് തന്ത്രം മനസ്സിലാക്കിയ തങ്ങൾ, ഇരുകൂട്ടരുടെയും പൊതുശത്രു ബ്രിട്ടീഷുകാരാണെന്ന മനഃസ്ഥിതി വളർത്താനാണ് ശ്രമിച്ചത്. തങ്ങളുടെ കാര്യസ്ഥനും ഗുമസ്തനുമായി പ്രവർത്തിച്ചിരുന്നത് കോന്തു നായർ എന്ന ഒരു ഹിന്ദുവായിരുന്നുവത്രെ. ജീവിതകാലത്ത് തങ്ങൾ മുസ്‌ലിംകൾക്കെന്ന പോലെ അമുസ്‌ലിംകൾക്കും സ്വീകാര്യനും വന്ദ്യനുമായിരുന്നതുകൊണ്ടാണ് ഇന്നും അദ്ദേഹത്തിന്റെ ഖബ്ർ സന്ദർശിക്കാനെത്തുന്നവരിൽ മുസ്‌ലിംകൾക്കു പുറമെ അമുസ്‌ലിംകളെയും കാണുന്നത്.

എന്നാൽ, *സൈഫുൽ ബത്താറി*ന്റെ രചനക്ക് പശ്ചാത്തലമായത് ബ്രിട്ടീഷുകാർ ഹിന്ദുക്കളെയും മുസ്‌ലിംകളെയും തമ്മിൽ തെറ്റിക്കാൻ വേണ്ടി ആസൂത്രണം ചെയ്തുണ്ടാക്കിയ ഒരു സംഘട്ടനമായിരുന്നുവത്രെ. തിരൂരങ്ങാടിക്കടുത്ത മുട്ടിയറയിലായിരുന്നു അത്. ഒരു സവർണ ഹിന്ദുജന്മി കുടിയാന്മാരായ മാപ്പിളമാരെ അപമാനിക്കുന്നതിനു വേണ്ടി ചില സമൂഹികദ്രോഹികളെ കച്ചകെട്ടിച്ചിറക്കിയതിന്റെ ഫലമായി നടന്ന ഏറ്റുമുട്ടലിൽ അമുസ്‌ലിംകളായ ഏതാനും സാമൂഹിക ദ്രോഹികൾക്ക് അപായമുണ്ടായി. തുടർന്ന് ബ്രിട്ടീഷ് പട്ടാളം മുട്ടിയറയിലെത്തി. പള്ളിയിൽ കയറി അവിടെയുണ്ടായിരുന്നവരെ മർദിച്ചവശരാക്കി. അന്നേരമുണ്ടായ ഏറ്റുമുട്ടലിൽ പ്രമുഖ വ്യക്തികളുൾപ്പെടെ പല മുസ്‌ലിംകളും രക്തസാക്ഷികളായി. ഇവരാണ് മുട്ടിയറ ശുഹദാക്കൾ ഇതിന് രണ്ടു വിവർത്തനങ്ങളിറങ്ങിയിട്ടുണ്ട്. ആദ്യത്തേത്, കൊണ്ടോട്ടിയിലെ കെ.കെ മുഹമ്മദ് അബ്ദുൽ കരീമിന്റെയും രണ്ടാമത്തേത് പ്രഫ. മങ്കട അബ്ദുൽ അസീസിന്റെയും. അബ്ദുൽ അസീസ് തന്റെ പരിഭാഷയുടെ ആമുഖത്തിൽ മൂലകൃതിയുടെ ഭാഷാസൗന്ദര്യത്തെക്കുറിച്ചെഴുതുന്നു: "ഫത്ഹുൽ മുബീന്റെ ഭാഷ അമൂല്യമാണ്. അതിന്റെ ശൈലിയും സുന്ദരമാണ്. അറബി ഭാഷയിൽ ഇത്രത്തോളം കഴിവു പ്രകടിപ്പിച്ചിട്ടുള്ള മറ്റാരെയും അന്നത്തെ ഇന്ത്യ സൃഷ്ടിച്ചിട്ടില്ലെന്നു തോന്നുന്നു. പ്രൗഢമായ ശൈലി, ശുദ്ധമായ പദങ്ങൾ, മർമത്ത് കൊള്ളുന്ന പ്രയോഗങ്ങൾ, നർമത്തിൽ പൊതിഞ്ഞ പരിഹാസം, ആകർഷകമായ പ്രതീകസൃഷ്ടികൾ എന്നിവയെല്ലാം ഇതിനെ ആസ്വാദ്യകരമാക്കുന്നു" (പേജ് 32).

ഖാദി മുഹമ്മദ് കോഴിക്കോട് ഖാദിയായിരുന്നു. ക്രി.വ. 1616-ലായിരുന്നു അദ്ദേഹത്തിന്റെ നിര്യാണം. മറവു ചെയ്തിരിക്കുന്നത് കോഴിക്കോട് മിശ്കാൽ പള്ളി ഖബ്റിസ്താനിൽ.

## അസ്സൈഫുൽ ബത്താർ അലാമൻ യുവാലിൽ കുഫ്ഫാർ

ബ്രിട്ടീഷ് മർദകവാഴ്ചയോട് നിസ്സഹകരിക്കാനും പോരാടാനും മുസ്‌ലിംകളെ ആഹ്വാനം ചെയ്തുകൊണ്ട് ഖുത്ബുസ്സമാൻ മമ്പുറം സയ്യിദ് അലവി തങ്ങൾ എഴുതിയതും മുസ്‌ലിം മഹല്ലുകൾതോറും പ്രചരിപ്പിക്കപ്പെട്ടതുമായ ഒരു കൃതിയാണിത്. 'അവിശ്വാസികളെ കൈകാര്യക്കാരാക്കുന്നവരുടെ കുറിക്കുകൊള്ളുന്ന ഖഡ്ഗം' എന്നാണ് അറബിയിലെഴുതിയ ഈ പുസ്തകത്തിന്റെ മലയാളീകരിക്കാവുന്ന നാമം. വൈദേശിക ഭീകരവാഴ്ചയുടെ നേരെ മുസ്‌ലിംകൾ എക്കാലത്തും കൈക്കൊള്ളേണ്ട നിലപാടിനെക്കുറിച്ചുള്ള വ്യക്തമായ ഉൾക്കാഴ്ച പ്രദാനം ചെയ്യുന്ന ഒന്നാണ് ഈ കൃതി.

*ഫത്ഹുൽ മുബീൻ* 49 മുതൽ 52 കൂടിയ വരികളിൽ ഇങ്ങനെ കാണാം:

"മുസ്‌ലിംകളായുള്ള രാജാക്കന്മാരും മുസ്‌ലിംകൾക്കായി യുദ്ധം ചെയ്തിടാതെ
*കാഫിർ*കളോടൊത്ത് സന്ധിബന്ധത്തിലായ്
കൈകോർത്തു കാലം കഴിച്ചിടുമ്പോൾ
ഇസ്‌ലാം മതത്തിനും ഹിന്ദുധർമത്തിനും
വേണ്ടിയൊരുപോലെ പോരാടിടും
സാമൂതിരി തന്റെ യുദ്ധക്കഥ കേൾപ്പിൻ
സാമൂതിരിക്കായ് സദാ പ്രാർഥിച്ചിടിൻ
ഹിന്ദുവായുള്ളോരീ രാജാവിനെ ക്കണ്ടു
പാഠം പഠിക്കുവിൻ സുൽത്താന്മാരേ!"

എന്നാണ് കവി പാടുന്നത്.

ചാലിയം കോട്ട് ജയിച്ചതാണ് ഇതിവൃത്തമെങ്കിലും കേരളചരിത്രത്തിന്റെ പല സുപ്രധാന അധ്യായങ്ങളിലേക്കും വെളിച്ചംവീശുന്ന രേഖയാണ് *ഫത്ഹുൽ മുബീൻ.* സൈനുദ്ദീൻ മഖ്ദൂമിനെപ്പോലെ ഖാദി മുഹമ്മദും പോർച്ചുഗീസ് ക്രൗര്യങ്ങളെ നേരിട്ടനുഭവിച്ച വ്യക്തിയാണ്. യുദ്ധത്തിൽ വാളെടുത്ത് പൊരുതിയിട്ടുമുണ്ട് അദ്ദേഹം. എന്നാൽ, ശൈഖ് സൈനുദ്ദീൻ *തുഹ്ഫത്തുൽ മുജാഹിദീനിൽ* ബീജാപ്പൂർ സുൽത്താൻ അലി ആദിൽഷായെ വാഴ്ത്താൻ പേജുകൾതന്നെ ചെലവാക്കിയിരുന്നു. അതേസമയം, ഖാദി മുഹമ്മദ് സുൽത്താനെ അധിക്ഷേപിക്കുകയും അദ്ദേഹത്തിന്റെ നിലപാടിനെ വഞ്ചനയായി വിശേഷിപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്. *തുഹ്ഫത്ത്* സമർപ്പിച്ചതുതന്നെ ആദിൽഷാക്കായിരുന്നുവല്ലോ.

*ഫത്ഹുൽ മുബീൻ* ഹൈദരാബാദിലെ എം.എ മുഈദ് ഖാനാണ് ആദ്യമായി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്. മലയാളത്തിൽ

എന്നറിയപ്പെടുന്നത്. ഇതിനോടുള്ള പ്രതികരണമെന്നോണമായിരുന്നു തങ്ങൾ *സൈഫുൽ ബത്താർ* രചിച്ച് ബ്രിട്ടീഷുകാരോട് സന്ധിയില്ലാ സമരത്തിന് മുസ്‌ലിംകളെ ആവേശഭരിതരാക്കിയത്. ബ്രിട്ടീഷുദ്യോഗസ്ഥന്മാർ ഈ കൃതിയുടെ പ്രതികൾ കണ്ടെടുത്തു നശിപ്പിച്ചു. പിൽക്കാലത്ത് കേരളത്തിൽനിന്ന് അറേബ്യയിലേക്ക് നാടുകടത്തപ്പെടുകയും യമനിലും തുർക്കിയിലും മറ്റും ഉന്നതസ്ഥാനങ്ങൾ വഹിക്കുകയും ചെയ്ത മമ്പുറം തങ്ങളുടെ പുത്രൻ സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങൾ ഇസ്തംബൂളിൽനിന്ന് ഈ കൃതി പിന്നീട് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സൈഫുൽ ബത്താർ എഴുതി പ്രചരിപ്പിച്ചതിനുശേഷമാണ് 1843-ലെ പ്രസിദ്ധമായ ചേരൂർപ്പട നടന്നത്. *സൈഫുൽ ബത്താർ* വളർത്തിയ സമരോത്സുകതക്ക് അതിൽ പങ്കുണ്ടായിരുന്നിരിക്കാം. ഏഴു മുസ്‌ലിംകളും അവരെ നേരിടാൻ ക്യാപ്റ്റൻ ലീഡറിന്റെ നേതൃത്വത്തിൽ വന്ന അഞ്ചാം മദിരാശിപ്പടയിലെ അറുപത് ഭടന്മാരും തമ്മിലാണ് അവിടെ ഏറ്റുമുട്ടിയത്. ഐതിഹാസികമായ ഈ യുദ്ധത്തിൽ ഒരു സുബേദാറും മൂന്നു ഭടന്മാരും കൊല്ലപ്പെടുകയും ഒരു സായ്പിനും അഞ്ചു ഭടന്മാർക്കും ഏഴ് താലൂക്ക് ശിപായിമാർക്കും പരിക്ക് പറ്റുകയും ചെയ്തു. മുസ്‌ലിംകൾ ഏഴു പേരും രക്തസാക്ഷികളായി. തിരൂരങ്ങാടി മന്താനിപ്പറമ്പിലാണ് ഇവരുടെ ശ്മശാനം. ചേറൂർ യുദ്ധത്തിൽ മമ്പുറം തങ്ങൾ നേരിട്ടു പങ്കെടുത്തിരുന്നുവെന്നും ആ യുദ്ധത്തിൽ കാലിന്റെ തുടക്കു കൊണ്ട വെടിയുണ്ട മൂലമുണ്ടായ വ്രണമാണ് അദ്ദേഹത്തിന്റെ നിര്യാണത്തിൽ കലാശിച്ചതെന്നും പറയപ്പെടുന്നുണ്ട്.

ബ്രിട്ടീഷുകാരുമായും അവരുടെ ഭരണനിയമങ്ങളുമായും മുസ്‌ലിംകളെ നിസ്സഹകരിപ്പിച്ചു നിർത്തുന്നതിനാണ് *സൈഫുൽ ബത്താറി*ൽ ഊന്നൽ കൊടുത്തിരുന്നത്. ഇതിലെ ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും സ്വഭാവം അത്തരത്തിലുള്ളതാണ്. ഒരു മുസ്‌ലിം ഭൂപ്രദേശം മുസ്‌ലിംവിരുദ്ധരായ ക്രൈസ്തവർ അധീനപ്പെടുത്തി തങ്ങളുടെ കോളനിയാക്കി മാറ്റിയതിനുശേഷം ഇസ്‌ലാമികശരീഅത്തിനു വിരുദ്ധമായ നിയമാവലി സ്വീകരിക്കേണ്ടിവരുന്ന ആ പ്രദേശത്തിന്റെ പൗരനായി ജീവിക്കാനും ആ പ്രദേശത്തെ ഇഷ്ടപ്പെട്ടുകൊണ്ട് അവിടത്തെ നിർമാണപ്രവർത്തനങ്ങളിലും സാമ്പത്തികമായ പുരോഗതി നേടിക്കൊടുക്കുന്ന പ്രവർത്തനങ്ങളിലും പങ്കെടുത്ത് ആ പ്രദേശത്തിന് ശക്തി പകരാനും തയാറെടുക്കുന്ന ഒരാളെക്കുറിച്ച് എന്താണഭിപ്രായം?- ഇതാണ് ഒന്നാമത്തെ ചോദ്യം. ഒരു കേസിൽ ഇസ്‌ലാമികവിധി തേടുന്നവനോട് ഇവിടെ ക്രൈസ്തവനിയമാവലിയാണ് പ്രയോഗത്തിലുള്ളത്, അതിനാൽ ക്രൈസ്തവനിയമപ്രകാരമുള്ള വിധി വേണം എന്നു പറയുന്നതിനെപ്പറ്റി അഭിപ്രായമെന്താണ് എന്നതാണ് ഏറ്റവും ഒടുവിലെ ചോദ്യം.

ഇവക്കു നൽകപ്പെട്ടിരിക്കുന്ന ഉത്തരങ്ങളിലൂടെ ബ്രിട്ടീഷുകാരുമായുള്ള നിസ്സഹകരണവും അവരുടെ ഭരണനിയമങ്ങളോടുള്ള ധിക്കാരവും മുസ്‌ലിംകൾക്കിടയിൽ പ്രചരിപ്പിക്കുകയായിരുന്നു ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യം. വലിപ്പത്തിൽ *സൈഫുൽ ബത്താർ* 17 പുറം മാത്രമേയുള്ളൂ.

### *ഉദ്ദത്തുൽ ഉമറാഇ വൽഹുക്കാം ലി ഇഹാനത്തിൽ കഫറത്തി വ ഇബാദത്തിൽ അസ്നാം*

മമ്പുറം സയ്യിദ് അലവി തങ്ങളുടെ പുത്രനും പണ്ഡിതനും ധിഷണാശാലിയും ബ്രിട്ടീഷുകാരാൽ അറേബ്യയിലേക്ക് നാടുകടത്തപ്പെട്ട വിശ്രുത പോരാളിയുമായ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ എഴുതി അറേബ്യയിൽനിന്ന് മുദ്രണം ചെയ്ത് കേരളത്തിലെ മഹല്ലുകളിൽ രഹസ്യമായി വിതരണം ചെയ്യിച്ച ഒരു ബ്രിട്ടീഷ്‌വിരുദ്ധ സമരകൃതിയാണിത്. 'അവിശ്വാസികളെയും വിഗ്രഹപൂജകരെയും കീഴ്പ്പെടുത്താൻ അധികാരികൾക്കും അമീറുമാർക്കും ഒരു പടക്കോപ്പ്' എന്നു മലയാളീകരിക്കാവുന്ന അറബി തലക്കെട്ടിലുള്ള ഈ പുസ്തകത്തിന് ഇരുപത്തിനാലു പുറമാണുള്ളത്. പേരിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള 'അവിശ്വാസികൾ' ബ്രിട്ടീഷുകാരും 'വിഗ്രഹപൂജകർ' അവരെ പിന്തുണച്ചിരുന്ന ഇവിടുത്തെ നാട്ടുരാജാക്കന്മാരും സവർണജന്മിത്തമ്പുരാക്കളുമാണ്. സമുദായനേതാക്കളെയും സാധാരണക്കാരെയും ഇംഗ്ലീഷുകാർക്കെതിരിലുള്ള സമരത്തിനു സജ്ജമാക്കുകയായിരുന്നു ഈ കൃതിയുടെ രചനോദ്ദേശ്യം. വ്യാപകമായി വിശ്വസിപ്പിക്കപ്പെട്ടിട്ടുള്ളതുപോലെ, ആത്മീയമായ ലക്ഷ്യാവബോധമുൾക്കൊള്ളാത്ത അസംസ്കൃതരായ സാധാരണക്കാരിൽ അമർഷവും ആവേശവും കുത്തിനിറച്ചുകൊണ്ടും അവരെ പ്രാകൃതായുധങ്ങളണിയിച്ചുകൊണ്ടും ബ്രിട്ടീഷുകാർക്കെതിരിൽ യുദ്ധം ചെയ്യിക്കുകയെന്നതായിരുന്നില്ല അക്കാലങ്ങളിലെ കേരളീയ മുസ്‌ലിം സമരനേതാക്കൾ ചെയ്തിരുന്നതെന്നതിന്റെ ഒന്നാംതരം സാക്ഷി കൂടിയാണീ കൃതി. ഇസ്‌ലാം മതപ്രബോധനത്തിന്റെ ആവശ്യകതയും രീതിയും പഠിപ്പിക്കുന്ന നാല് ഖുർആൻ സൂക്തങ്ങളുദ്ധരിച്ചുകൊണ്ടാണീ കൃതി ആരംഭിക്കുന്നതുതന്നെ. വിജ്ഞാനം, വിദ്യാഭ്യാസം, ഉദ്ബോധനം, നന്മയിലേക്കുള്ള പ്രചോദനവും തിന്മയിൽനിന്ന് പിന്തിരിപ്പിക്കലും, മതപണ്ഡിതന്മാരുടെയും നേതാക്കളുടെയും സ്ഥാനവും ബാധ്യതയും, അല്ലാഹുവിന്റെ മാർഗത്തിലുള്ള സമരം, ഇസ്‌ലാമിന്റെ അജയ്യത തുടങ്ങി ഒട്ടേറെ മൗലികവിഷയങ്ങൾ ഈ കൊച്ചുകൃതിയിൽ കൈകാര്യം ചെയ്തിരിക്കുന്നു. 'വ്യക്തമായ ഉൾക്കാഴ്ചയോടുകൂടിയുള്ള പ്രബോധനപ്രചാരണ ശ്രമങ്ങൾ ദുർബലമായതാണ് സാധാരണക്കാരിൽ പാര

ത്രികവിചാരം കുറയാനും ലൗകിക ചിന്ത ആധിപത്യം ചെലുത്താനുമിടവരുത്തിയതെന്നും അതാണ് സകലവിപത്തുകൾക്കുമുള്ള മൂല കാരണ'മെന്നും (പേജ് 9) കണ്ടെത്തുന്ന ഗ്രന്ഥകർത്താവ് മുസ്‌ലിം സമുദായത്തിന്റെ യഥാർഥ പരിഷ്കരണത്തിന് അടിത്തറയിടുകയാണ് ചെയ്തത്. വിജ്ഞാനത്തിലൂന്നുന്നതാണ് തുടർന്നുള്ള ഏതാനും പുറങ്ങൾ. ഒരു അവിവേകി തനിക്കു താൻതന്നെ വരുത്തിത്തീർക്കുന്നത്ര വിപത്ത് അയാളുടെ ശത്രുവിന് അയാളെ ഏൽപിക്കാനാവില്ല. അജ്ഞത മരണത്തിനു മുമ്പേ ഉള്ള മരണമാണ്, അജ്ഞന്റെ ശരീരം കല്ലറക്കു മുമ്പുള്ള കല്ലറയാണ് എന്നീ ആപ്തവാക്യങ്ങൾ വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും പ്രാധാന്യം കാണിക്കാൻ ഗ്രന്ഥകാരൻ ഉദ്ധരിച്ചിരിക്കുന്നു.

ഒടുവിൽ സുൽത്താന്റെ പദവി സ്ഥാപിക്കുകയും അദ്ദേഹത്തെ അനുസരിക്കൽ സമുദായത്തിന്റെ ബാധ്യതയായി എടുത്തുപറയുകയും ചെയ്യുന്ന ഗ്രന്ഥകാരൻ മലബാർ മുസ്‌ലിംകളുടെ ബ്രിട്ടീഷ്‌വിരുദ്ധ സമരത്തെ തുർക്കി ആസ്ഥാനമായി നിലനിന്നിരുന്ന ലോകമുസ്‌ലിം ഘടനയോട് കണ്ണിചേർക്കുന്നതാണ് കാണുന്നത്. ഒപ്പംതന്നെ സുൽത്താന്റെ ഭാഗത്തുനിന്ന് പ്രജകൾക്ക് ലഭിക്കേണ്ടതെന്തെന്നും വിവരിക്കുന്നു. നീതിമാനായ സുൽത്താന്റെ മുകളിൽ നബിയോ മലക്കോ മാത്രമേയുള്ളൂ. സുൽത്താൻ പ്രജകൾക്ക് രോഗികൾക്ക് ഡോക്ടറെന്നപോലെയാകുന്നു. മന്ത്രിമാർ രോഗിക്കും ഡോക്ടർമാർക്കുമിടയിലെ ദ്വിഭാഷികളാണ് എന്ന വരികൾ (പേജ് 21) സയ്യിദ് ഫസൽ തുർക്കിയിൽ സുൽത്താൻ അബ്ദുൽ ഹമീദ് ഖാന്റെ മന്ത്രിയുടെ പദവിയിലാണ് ഉണ്ടായിരുന്നത് എന്ന കാര്യം ഓർത്തുകൊണ്ടു വായിക്കുമ്പോൾ, മലബാർ മുസ്‌ലിംകളുടെ സമരത്തിൽ അവർക്കും സുൽത്താനുമിടയിൽ നേതൃത്വപരമായ പ്രാതിനിധ്യം അദ്ദേഹം വഹിച്ചുകൊണ്ടിരുന്നുവെന്ന് മനസ്സിലാകുന്നു. "കാഫിറുകൾ ആകാശത്തിലെ നക്ഷത്രങ്ങളുടെ എണ്ണം വരുമെങ്കിലും സുൽത്താൻ പ്രജകളെ മാർഗദർശനം നൽകി നയിക്കുകയും ജിഹാദിന്റെ പ്രാധാന്യത്തെക്കുറിച്ച് അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുകയും വേണം" (പേജ് 23) എന്ന വരികൾ പുസ്തകത്തിന്റെ ഏറ്റവും ഒടുവിലാണ് ഉള്ളത്. പേർഷ്യയിലെ കുസ്രു ബഹ്റാമിനോട് യുദ്ധത്തിന് പുറപ്പെടുമ്പോൾ അങ്ങ് ഒരുങ്ങിയിട്ടുണ്ടോ എന്നു ചോദിച്ച സുഹൃത്തിനോട് ദൃഢമായ മനസ്സും, സുബദ്ധമായ തീരുമാനവും, മൂർച്ചയുള്ള വാളും, ദൈവത്തിന്റെ സഹായവുമാണ് എന്റെ പടക്കോപ്പുകൾ എന്ന് അദ്ദേഹം പറഞ്ഞ മറുപടിയോടുകൂടി ഗ്രന്ഥകർത്താവ് തന്റെ ഈ കൃതി ഉപസംഹരിച്ചിരിക്കുന്നത് സോദ്ദേശ്യപൂർവമാണ്.

## *മുഹിമ്മാത്തുൽ മുഅ്മിനീൻ*

ബ്രിട്ടീഷ്‌വിരുദ്ധ കലാപത്തിൽ കേരളത്തിലെ മുസ്‌ലിം മതപണ്ഡിതന്മാർക്കുള്ള സജീവ പങ്കാളിത്തം കാണിക്കുന്ന ഒരു രേഖയാണ് അറബിമലയാളത്തിൽ നാൽപത് പേജുകളിലായി എഴുതപ്പെട്ട *മുഹിമ്മാത്തുൽ മുഅ്മിനീൻ*-'സത്യവിശ്വാസികൾ അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യങ്ങൾ' എന്നർഥം. ബ്രിട്ടീഷുകാർ കണ്ടുകെട്ടിയ അനേകം കൃതികളുടെ കൂട്ടത്തിലൊന്നാണിത്. ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള നിസ്സഹകരണം, ഖിലാഫത്തിന്റെ നിലനിൽപിനെ സഹായിക്കൽ, ജസീറത്തുൽ അറബിന്റെ വിശുദ്ധി സംരക്ഷിക്കൽ എന്നീ വിഷയങ്ങളാണതിന്റെ ഉള്ളടക്കമെന്ന് പുറംപേജിൽതന്നെ വ്യക്തമാക്കിയിരിക്കുന്നു. താനൂർ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയായിരുന്ന ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്‌ലിയാർ പ്രസിദ്ധപ്പെടുത്തിയ ഈ കൃതിയിൽ ഖുർആൻവാക്യങ്ങളും നബിവചനങ്ങളും പൂർവിക പണ്ഡിതശ്രേഷ്ഠരുടെ ഗ്രന്ഥങ്ങളിൽനിന്നുള്ള ഉദ്ധരണികളും അടിസ്ഥാനപ്പെടുത്തിയാണ് വിഷയങ്ങൾ സമർഥിച്ചിരിക്കുന്നത്. ഒടുവിൽ, ഗ്രന്ഥകർത്താവിന്റെ കൈയൊപ്പിനു പുറമെ, ചെറുശ്ശേരി അഹ്മദ് കുട്ടി മുസ്‌ലിയാർ, പാനായിക്കുളത്ത് അബ്ദുർറഹ്മാൻ മുസ്‌ലിയാർ, കൂട്ടായി മുദർരിസ് ബാവ മുസ്‌ലിയാർ തുടങ്ങി അക്കാലത്തെ പണ്ഡിതന്മാർ ഉള്ളടക്കത്തെ ശരിവെച്ചുകൊണ്ടെഴുതിയ പ്രസ്താവനകളും അവരുടെ കൈയൊപ്പുകൾ സഹിതം കൊടുത്തിരിക്കുന്നു.

തുർക്കി ആസ്ഥാനമായുള്ള ഉസ്മാനിയാ സുൽത്താനെ ഖലീഫയായി അംഗീകരിച്ച് ശത്രുവിനെതിരിൽ പൊരുതാനുള്ള ആഹ്വാനമാണ് കേരളീയരായ മുസ്‌ലിംകൾക്ക് ഈ കൃതിയിലൂടെ നൽകപ്പെട്ടത്. "ഞമ്മളെ ഈ സമാനിൽ (കാലഘട്ടത്തിൽ) ഉസ്മാനിയായ സുൽത്താൻ തന്നെയാണ് ഖലീഫ (മുസ്‌ലിംകൾ അനുസരിക്കാൻ ബാധ്യസ്ഥരായ ഇസ്‌ലാമിക നേതാവ്). ആ ഖലീഫാനോട് എതിർക്കുന്ന ശത്രുക്കളായ കാഫിരീങ്ങളോടും ഇസ്‌ലാമീങ്ങളോടും ഞമ്മൾ എതിർക്കേണ്ടതും കഴിയുംപോലെ അവരെ അമർത്താൻ ഒരുങ്ങണ്ടതും ആവശ്യമാകുന്നു. മേൽ എതിരാളികളോട് അനുകൂലിക്കാൻ പാടുള്ളതല്ല" (പേജ് 23) എന്ന ഭാഗം ഇതിൽ ഖലീഫയെ എതിർക്കുന്ന ഇസ്‌ലാം മതാനുയായികളുണ്ടെങ്കിൽ അവരെയും എതിർക്കണമെന്ന് പറഞ്ഞത് ശ്രദ്ധേയമത്രെ. മുസ്‌ലിംകളെ ആഗോള തലത്തിൽ ഏകീകരിപ്പിക്കുന്നതും ഖിലാഫത്തിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതുമായ ഒരു സഹാസ്തിത്വ ഘടന അക്കാലത്ത് നിലനിന്നിരുന്നതാണിതിന്റെ പശ്ചാത്തലം. ഈ കൃതി കൈവശം വെക്കുന്നവരെ വിചാരണ കൂടാതെ അഞ്ചു വർഷത്തെ തടവിന് ശിക്ഷിക്കുന്നതാണെന്ന് 1921-ലെ മദ്രാസ് ഗസറ്റിൽ

വിളംബരപ്പെടുത്തിയിരുന്നു. തുടർന്ന് ഇതിന്റെ രചയിതാവ് ഒളിവിൽ കഴിയുകയും പിന്നീട് വേഷം മാറി മക്കത്തേക്ക് പോകുകയുമാണുണ്ടായത്. അവിടെയെത്തിയതിനുശേഷം *ഉമ്മുൽഖുറാ* എന്ന അറബിപത്രത്തിൽ അദ്ദേഹം ബ്രിട്ടീഷ്‌വിരുദ്ധ ലേഖനങ്ങളെഴുതിക്കൊണ്ടിരുന്നു.

മേൽപറഞ്ഞ ആറു കൃതികളെക്കുറിച്ചുള്ള അവലോകനത്തിന്റെ വെളിച്ചത്തിൽ മനസ്സിലാകുന്നതും ഇസ്‌ലാമിന്റെ മഹത്വത്തെ വിളിച്ചോതുന്നതുമായ ഒരു കാര്യം ഇവിടെ പ്രസ്താവ്യമാണ്. അതായത്, ഇസ്‌ലാം സമാധാനത്തിന്റെ മതമായതുപോലെ സമരത്തിന്റെയും മതമാണ്. അതുകൊണ്ടാണ് മേൽപറഞ്ഞ ഗ്രന്ഥകർത്താക്കളെല്ലാവരും മഹാപണ്ഡിതന്മാരായതിനോടൊപ്പം മഹാവിപ്ലവകാരികളും സമരനായകന്മാരുമായതും. അവർ വൈദേശികാധിനിവേശത്തിനും അക്രമത്തിനുമെതിരിൽ പൊരുതാൻ സ്വസമുദായക്കാർക്ക് മതപരമായ പ്രമാണങ്ങളുപയോഗിച്ച് കൽപനയും പ്രചോദനവും നൽകിയതും. എന്നാൽ, നിസ്സഹകരണാത്മകവും പ്രതിരോധപരവുമായ സമരങ്ങൾക്കുള്ള പാഠങ്ങളേ ഇപ്പറഞ്ഞ ഏതൊരു കൃതിയിലും കാണാനുള്ളൂ. എക്കാലത്തും ഇതു രണ്ടും തന്നെയാണ് ഇസ്‌ലാമിന്റെ സമരമാർഗങ്ങൾ.